REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-01-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു റിപ്പബ്ലിക് ദിന തലേന്നാളായ ഇന്ന് വൈകീട്ട് ഏഴിന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.
- ഇന്തൊനേഷ്യൻ പ്രസിഡണ്ട് പ്രബാവോ സുബിയാന്തോയും പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും.
- വയനാട് പഞ്ചാര കൊല്ലിയിൽ ആദിവാസി സ്ത്രീയെ കൊലപ്പെടുത്തിയ നരഭോജി കടുവയെ വെടിവച്ചു കൊല്ലാൻ ഉത്തരവ്. കടുവയ്ക്കായി തിരച്ചിൽ രാവിലെ ആരംഭിക്കും.
- തലശ്ശേരിയിലെ ജില്ലാകോടതി കെട്ടിട സമുച്ചയവും മലബാർ കാൻസർ സെന്ററിലെ ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്കും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും.
- ആലപ്പുഴയിലെ പാടശേഖരങ്ങൾക്കു പമ്പിംഗ് സബ്സിഡി വിതരണത്തിന് 16 കോടിയിലധികം രൂപ അനുവദിച്ചതായി മന്ത്രി P പ്രസാദ്.
- ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 വൈകീട്ട് ചെന്നൈയിൽ. ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് വീണ്ടും പരാജയം. ഐ ലീഗിൽ ഗോകുലം കേരളക്ക് ജയം.

## വാർത്തകൾ വിശദമായി

**രാഷ്ട്രപതി ദ്രൗപതി മുർമു റിപ്പബ്ലിക് ദിന തലേന്നാളായ ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.**

വൈകിട്ട് ഏഴിന് ആകാശവാണിയുടെ എല്ലാ നിലയങ്ങളും രാഷ്ട്രപതിയുടെ അഭിസംബോധന പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ എല്ലാ ചാനലുകളും പ്രസംഗം സംപ്രേഷണം ചെയ്യും. തുടർന്ന് പ്രസംഗത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും പ്രാദേശിക ചാനലുകളിൽ മലയാള പരിഭാഷയും ഉണ്ടാകും.

ആകാശവാണിയുടെ കേരള നിലയങ്ങൾ രാത്രി 9.30 ന് രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ പ്രക്ഷേപണം ചെയ്യും.

✪✪✪

റിപ്പബ്ലിക് ദിനാഘോഷച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കാനെത്തിയ ഇന്തൊനേഷ്യൻ പ്രസിഡണ്ട് പ്രബാവോ സുബിയാന്തോ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധം പ്രാദേശിക - ആഗോള വിഷയങ്ങൾ എന്നിവ ചർച്ചയാകും. ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകളിലും ഒപ്പുവെയ്ക്കും.

✪✪✪

ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നാളെ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷ ചടങ്ങുകളിലെ അതിഥികളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംവദിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്) ........

NCC കേഡറ്റുകൾ, NSS വോളന്റിയർമാർ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ലോ ആർട്ടിസ്റ്റുകൾ, ഗോത്രവർഗ അതിഥികൾ എന്നിവരുമായാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ വസതിയിൽ സംവദിച്ചത്. ദേശീയ ഐക്യത്തിന്റെയും നാനാത്വത്തിന്റെയും പ്രാധാന്യം പ്രധാനമന്ത്രി കൂടിക്കാഴ്ചയിൽ എടുത്തുപറഞ്ഞു.

ഏക് ഭാരത് ശ്രേഷ്ഠ ഭാരതിന്റെ ചൈതന്യം ശക്തിപ്പെടുത്തുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുമായി സംവദിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമായ ധാരണയും ഐക്യവും വളർത്തിയെടുക്കുന്നത് എങ്ങനെയെന്ന് അദ്ദേഹം വിശദീകരിച്ചു. ഉത്തരവാദിത്തമുള്ള പൗരന്മാർ എന്ന നിലയിൽ കടമകൾ നിറവേറ്റുക എന്നതാണ് വികസിത്

ഭാരതിന്റെ കാഴ്ചപ്പാട് കൈവരിക്കുന്നതിനു താക്കോലെന്നും മോദി പറഞ്ഞു.

✪✪✪

ഇന്ന് പതിനഞ്ചാമത് ദേശീയ സമ്മതിദായക ദിനം. ന്യൂഡൽഹിയിൽ നടക്കുന്ന പ്രധാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. കേന്ദ്ര നിയമ-നീതി മന്ത്രി അർജുൻ റാം മേഘ്‌വാൾ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാർ എന്നിവരും ചടങ്ങിൽ സംബന്ധിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).......

ലോകമെമ്പാടും തിരഞ്ഞെടുപ്പ് മാനേജ്മെന്റ് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ രണ്ടു ദിവസമായി സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്ത വിവിധ രാജ്യങ്ങളിലെ, തിരഞ്ഞെടുപ്പ് മാനേജ്മെന്റ് ബോഡികളുടെ തലവന്മാരും പ്രതിനിധികളും ചടങ്ങിൽ സംബന്ധിക്കും.

'വോട്ട് പോലെ ഒന്നുമില്ല, ഞാൻ തീർച്ചയായും വോട്ട് ചെയ്യുന്നു' എന്നതാണ് ഈ വർഷത്തെ സമ്മതിദായക ദിനത്തിന്റെ പ്രമേയം. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിന് സംസ്ഥാന- ജില്ല തലങ്ങളിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി ചടങ്ങിൽ അവാർഡ് സമ്മാനിക്കും. നൂതന പ്രചാരണപരിപാടികളും, സാങ്കേതികവിദ്യ ഉപയോഗിച്ച് വോട്ടർ പങ്കാളിത്തം വർധിപ്പിക്കുന്ന സംരംഭങ്ങൾക്ക് പ്രത്യേക അംഗീകാരവും നൽകും.

✪✪✪

ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം കനകക്കുന്നിൽ നിർവഹിക്കും. ചരിത്രപ്രാധാന്യമുള്ള ഫോട്ടോകളുടെ പ്രദർശനവും ഗവർണർ ഉദ്ഘാടനം ചെയ്യും. ദിനാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിൽ പൊതുപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

വയനാട് പഞ്ചാര കൊല്ലിയിൽ ആദിവാസി സ്ത്രീ രാധയെ കൊലപ്പെടുത്തിയ നരഭോജി കടുവയെ വെടിവച്ചു കൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് G കൃഷ്ണൻ ഉത്തരവ് പുറപ്പെടുവിച്ചു. കേന്ദ്ര ഗവണ്മെന്റ് SOP പ്രകാരം രൂപീകരിച്ച പ്രത്യേക സമിതി യോഗം ചേർന്ന് ശുപാർശ ചെയ്തത് അനുസരിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ആദ്യമായി കൂട് വച്ചോ മയക്കു വെടി വച്ചോ പിടിക്കാൻ ശ്രമിക്കും. അത് പരാജയപ്പെട്ടൽ വെടി വച്ചു കൊല്ലാം എന്നാണ് ഉത്തരവ്.

✪✪✪

അതേസമയം, നരഭോജി കടുവയ്ക്കായി തിരച്ചിൽ രാവിലെ ആരംഭിക്കും. സീനിയർ വെറ്ററിനറി സർജൻ അരുൺ സക്കറിയയും തെരച്ചിലിൽ പങ്കെടുക്കും.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.

....(വോയ്സ്)...................

✪✪✪

പഞ്ചാരക്കൊല്ലിയിൽ കടുവ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ വനം വകുപ്പ് തുടർനടപടി സ്വീകരിച്ചതായി മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു.

തലപ്പുഴ, വരയാൽ ഫോറസ്റ്റ് സ്റ്റേഷനുകളിലെ ജീവനക്കാർ 12 ബോർ പമ്പ് ആക്ഷൻ ഗൺ ഉപയോഗിച്ച് പഞ്ചാരക്കൊല്ലി പ്രദേശത്ത് പരിശോധന നടത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

ഇരുളം, പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനുകളിലെ ജീവനക്കാരെയും, പഞ്ചാരക്കൊല്ലിയിൽ ഒരുക്കിയ ബേസ് ക്യാമ്പിൽ സുൽത്താൻ ബത്തേരി RRT അംഗങ്ങളെയും നിയോഗിച്ചിട്ടുണ്ട്. മുത്തങ്ങ ആന ക്യാമ്പിൽ നിന്നു കുങ്കിയാനകളെ തിരച്ചിൽ പ്രവർത്തനങ്ങളിൽ വിന്യസിക്കുമെന്നും ശശീന്ദ്രൻ പറഞ്ഞു.

✪✪✪

പാലക്കാട് വാളയാറിൽ കാട്ടാനയുടെ ആക്രമണത്തിൽ കർഷകന് പരിക്കേറ്റു. പുലർച്ചെ കൃഷിസ്ഥലത്ത് ഇറങ്ങിയ കാട്ടാനയെ തുരത്താൻ ശ്രമത്തിനിടയിലാണ് വാളയാർ സ്വദേശി വിജയനെ കാട്ടാന ആക്രമിച്ചത്. വിജയനെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

തലശ്ശേരിയിലെ ജില്ലകോടതിക്കായി നിർമ്മിച്ച കെട്ടിട സമുച്ചയവും തലശ്ശേരി മലബാർ കാൻസർ സെന്ററിലെ ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്കും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

,,,,,(വോയ്സ്)...........

തലശേരി ജില്ലാ കോടതിക്കായി നിർമ്മിച്ച പുതിയ കെട്ടിട സമുച്ചയം കിഫ്ബി ഫണ്ടിൽ നിന്ന് 56 കോടി രൂപ ചെലവഴിച്ചാണ് പണിതത്. പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന പത്ത് കോടതികളുടെ പ്രവർത്തനോദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ നിർവഹിക്കും. തലശ്ശേരി കടലിനോട് അഭിമുഖമായി ആധുനിക സൌകര്യങ്ങളോടെയാണ് 136 മുറികളുള്ള എട്ടുനിലകളിലുള്ള കെട്ടിടം സജ്ജമാക്കിയിട്ടുള്ളത് .

തലശ്ശേരി മലബാർ കാൻസർ സെന്റർ പി ജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെയാണ് ട്രീറ്റ്മെൻറ് ആൻഡ് അക്കാദമിക് ബ്ലോക്ക് നിർമ്മിച്ചത്. 97 കോടി 55 ലക്ഷം രൂപ ചെലവഴിച്ച് നാല് നിലകളിലായാണ് കെട്ടിടം പണിതത്.

അത്യാധുനിക ചികിത്സാ സൌകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. പിണറായി ധർമ്മടം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോളാട് പാലത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി ഇന്ന് നിർവഹിക്കും.

✪✪✪

ആലപ്പുഴയിലെ പാടശേഖരങ്ങൾക്കു പമ്പിംഗ് സബ്സിഡി വിതരണത്തിനായി 16 കോടി 24 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി P പ്രസാദ് അറിയിച്ചു. സംസ്ഥാനത്ത് വിതരണത്തിനായി 28 കോടി

രൂപയാണ് പമ്പിംഗ് സബ്സിഡിയായി അനുവദിച്ചത്. 2023 വർഷം പകുതി മുതൽ ക്ലെയിമുകൾ വിതരണം ചെയ്യാനുണ്ടെന്നും മന്ത്രി ആലപ്പുഴയിൽ പറഞ്ഞു. ഇതിന് 11 കോടി രൂപയോളം ആവശ്യമാണെന്നും അത് എത്രയും വേഗം ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

വയോജന ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ 11 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.

അറുപത്തഞ്ച് വയസ്സിനു മുകളിൽ പ്രായക്കാരായ നഗരപ്രദേശവാസികളായ വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ്, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്ക് സേവനം തുടങ്ങിയവ നൽകുന്ന പദ്ധതിയാണിത്.

✪✪✪

കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ രേഖകളില്ലാതെ ലക്ഷങ്ങളുടെ സാമ്പത്തിക തിരിമറി നടക്കുന്നു എന്ന പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയ സംസ്ഥാന വിവരാവകാശ കമ്മിഷൻ രേഖകൾ ഹാജരാക്കാത്തവർക്കെതിരെ വൻ തുക പിഴ ചുമത്തി. ഒന്നര ലക്ഷം രൂപയാണ് ശിക്ഷ വിധിച്ചത്. ഒരു സംഘം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്കും കമ്മീഷൻ നിർദ്ദേശം നൽകി . സെക്രട്ടേറിയറ്റിലെ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ, സംസ്ഥാന ട്രഷറീസ് ഡയറക്ടർ എന്നിവർ ഇടപെട്ട് സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.എ.അബ്ദുൽ ഹക്കീം ഉത്തരവായി.

കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ തിരുവനന്തപുരം ആനയറയിലെ സമേതിക്ക് 2018 ൽ അനുവദിച്ച 10 ലക്ഷം രൂപ കോഴിക്കോട്ടെ സ്വകാര്യ വ്യക്തിയുടെ അകൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതു തിരികെ വന്ന രേഖകൾ ചോദിച്ച് വിവരാവകാശ കമ്മിഷനിലെത്തിയ രണ്ടാം അപ്പീൽ ഹരജി തീർപ്പാക്കിയാണ് കമ്മിഷൻ ഉത്തരവ്.

✪✪✪

ഇന്ത്യ ഇംഗ്ലണ്ട് രണ്ടാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് .

ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിന് മത്സരം ആരംഭിക്കും.

ആദ്യമത്സരത്തിൽ ഏഴ് വിക്കറ്റ് ജയം സ്വന്തമാക്കിയ ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ ഒരു മത്സരം ജയിച്ച് മുന്നിലാണ് .

✪✪✪

ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ കേരളാ ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തി. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലെ മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഈസ്റ്റ് ബംഗാളിന്റെ ജയം. പരാജയത്തോടെ ബ്ലാസ്റ്റേഴ്സിന്റെ പ്ലേ ഓഫ് സാധ്യതകൾ മങ്ങി.

ഇന്ന് FC ഗോവ, ചെന്നിയിൻ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോവയിലാണ് മത്സരം.

✪✪✪

പൊതു വിദ്യാഭ്യാസ മേഖലയിൽ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പുതുക്കിയ പാഠപുസ്തകങ്ങൾക്ക് അംഗീകാരം നൽകുന്നതിനു സംസ്ഥാന കരിക്കുലം കമ്മിറ്റി മറ്റന്നാൾ തിരുവനന്തപുരത്ത് യോഗം ചേരുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

2, 4, 6, 8 ക്ലാസുകളിലെ പുതുക്കിയ 128 ടൈറ്റിൽ പാഠപുസ്തകങ്ങളാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. പത്താം ക്ലാസിലെ 77 ടൈറ്റിൽ പാഠപുസ്തകങ്ങൾക്ക് 2024 ഡിസംബർ മാസം 19 ന് ചേർന്ന സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. ഇതോടുകൂടി 2, 4, 6, 8, 10 ക്ലാസുകളിൽ അടുത്ത അധ്യയന വർഷത്തിൽ പുതുക്കിയ പാഠപുസ്തകങ്ങൾ നിലവിൽ വരും.

✪✪✪

കേരളത്തിന്റെ ചരിത്രവും,സാഹിത്യവും ജനങ്ങളോട് സംസാരിക്കുന്ന രീതിയിൽ ഉയർച്ച വിനോദ സഞ്ചാരത്തിനുണ്ടാവുമെന്നും ടൂറിസത്തിന്റെ ബ്രാൻഡ് അമ്പാസിഡർമാരാവാൻ ജനങ്ങൾ മുന്നോട്ടുവരണമെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് KLF ൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വിവാദങ്ങളൊഴിവാക്കി ഗോവയെക്കാൾ മികച്ചതാക്കി കേരള ബീച്ച് ടൂറിസത്തെ വളർത്തി കൊണ്ടുവരാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പ്രതിപക്ഷനേതാവ് V.D സതീശൻ നയിക്കുന്ന UDF സംസ്ഥാന കമ്മിറ്റിയുടെ മലയോര സമര പ്രചരണ യാത്രയ്ക്ക് ഇന്ന് കണ്ണൂരിൽ തുടക്കമാവും. കരുവഞ്ചാലിൽ വൈകിട്ട് AICC ജനറൽ സെക്രട്ടറി K.C. വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

മറ്റന്നാൾ ജില്ലയിലെ ആറളത്തും കൊട്ടിയൂരിലും പര്യടനത്തിന് ശേഷം പ്രചരണ യാത്ര വയനാട്ടിലേക്ക് പോകും.

✪✪✪

കാസർകോട് ജില്ലാ പദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി മോണിറ്ററിങ് കമ്മറ്റി യോഗം ചേർന്നു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ജിജു പി.അലക്സ് ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിർദ്ദേശം നൽകി. ജില്ലയുടെ സമഗ്രവികസനം പ്രതിഫലിക്കുന്ന രേഖയായിരിക്കണം ജില്ലാപദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*Casual News Readers: അബ്ദുൽ കബീർ, രജിന കെ ആസാദ്*
*DEO: ഷീബ*